**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5084** **20-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കിനാലൂരിലെ എസ്റ്റേറ്റിൽ തൊഴിലാളികളുടെ തൊഴിൽ പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കിനാലൂരിലെ എസ്റ്റേറ്റിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായപ്പോൾ നഷ്ടപരിഹാരമായി എസ്റ്റേറ്റ് ഉടമ നൽകിയ ഭൂമിയിൽ അവർക്ക് വീട് വച്ച് താമസിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതിയുടെ അന്തിമ വിധിക്കുശേഷമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത ഭൂമി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഉപയോഗപ്രദമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ കോടതിയുടെ അന്തിമ വിധിക്കുശേഷമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (സി) | കിനാലൂരിലെ തൊഴിലാളികളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (സി) | തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിന് ലഭിച്ച ഭൂമി രജിസ്റ്റർ ചെയ്ത് പോക്കുവരവ് ചെയ്ത് കിട്ടുന്നതിനും, ക്രയവിക്രയം നടത്താനും, ഭാഗിക്കാനും, കെട്ടിടങ്ങൾ പണിയാനും, പുരയിടങ്ങൾ യഥേഷ്ടം ഉപയോഗിക്കാനും വേണ്ട രേഖകൾ പട്ടയം ഉൾപ്പെടെ അനുവദിക്കണമെന്ന് കാണിച്ച് പരാതികൾ ലഭ്യമായിട്ടുണ്ട്.<br><br>ഇതുമായി ബന്ധപ്പെട്ട് 'വൺ എർത്ത് വൺ ലൈഫ്' എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.28496/16 നമ്പർ കേസിലെ 27/02/2019-ലെ ഉത്തരവിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡിനോട് കേസ് പുന:പരി ശോധന നടത്തുവാൻ ഉത്തരവായിട്ടുണ്ട്. കിനാലൂർ എസ്റ്റേറ്റ് ഭൂമി മുറിച്ച് വിൽക്കുന്നതിനെതിരെയും തരം മാറ്റം നടത്തുന്നതിനെതിരെയും ഫയൽ ചെയ്തതാണ് മേൽ കേസ്. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ ബഹു.സുപ്രീം കോടതി മുമ്പാകെ Special Leave Petition(c) 2889-2890/2020, 2891/2020 എന്നീ നമ്പർ കേസ് ഫയൽ ചെയ്യപ്പെട്ടിരുന്നു. കേസിൽ ഭൂമി സംബന്ധമായ എല്ലാ കാര്യങ്ങളിലും സ്റ്റാറ്റസ്കോ (തൽസ്ഥിതി) നിലനിർത്താൻ ബഹു.സുപ്രീം കോടതി |

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുണ്ട്. പ്രശ്നം ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ബഹു.കോടതി വിധിക്ക് അനുസൃതമായി മാത്രമെ നടപടികൾ സ്വീകരിക്കാനാവൂ. |

സെക്ഷൻ ഓഫീസർ